**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2471** 08-05-2017 -ൽ മറുപടിക്ക്

**വരൾച്ചക്കെടുതി വിലയിരുത്തുവാൻ വന്ന കേന്ദ്രസംഘം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വരൾച്ചക്കെടുതി വിലയിരുത്തുവാൻ വന്ന കേന്ദ്രസംഘം സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളാണ് സന്ദർശിച്ചത്; | എ) | വരൾച്ചക്കെടുതി വിലയിരുത്തുവാൻ വന്ന കേന്ദ്രസംഘം സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങൾ സന്ദർശിച്ചു.<br>**പാലക്കാട്** : മംഗലം പാലം, എരിമയൂർ പഴയ പാലം, എരിമയൂർ ചെക്ക് ഡാം, നിരക്കോട് പാലം, ചുള്ളിയാർ ഡാം, കംബ്രാത് ചാല പാലം, മേനോൻ പാറ പാലം, BEML, NIDA പാലം ചെക്ക് ഡാം, മലമ്പുഴ ഡാം<br>**മലപ്പുറം:** തിരുവേങ്ങപ്പുര, വളാഞ്ചേരി, കുറ്റിപ്പുറം, തിരുനാവായ, ഭാരതപ്പുഴ<br>**വയനാട്**: പുൽപ്പള്ളി, മുള്ളൻകൊല്ലി, വണ്ടികടവ്<br>**തൃശ്ശൂർ**: നെട്ടിശ്ശേരി പാടം, തിരുവില്ലാമല<br>**എറണാകുളം**: ആലുവ പമ്പിംഗ് സ്റ്റേഷൻ, പുത്തൻവേലിക്കര, താഴത്തുപാടം, കന്നുകര<br>**തിരുവനന്തപുരം**: പൂവൻപാറ, വാമനപുരം നദി, ചങ്ങാട്ട് ഏല, വള്ളല്ലൂർ ഏല, പഴയകുന്നുമേൽ ഏല, കിളിമാനൂർ ചിറ്റാർ നദി, വാമനപുരം ഏല, നെല്ലനാട് ഏല, പെരിങ്ങമല ഏല, വിതുര |
| ബി) | വരൾച്ചക്കെടുതിയുടെ രൂക്ഷമായ സാഹചര്യം കേന്ദ്രസംഘത്തെ ബോദ്ധ്യപ്പെടുത്തി അർഹമായ സഹായം ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | ബി) & സി) | കേന്ദ്ര വരൾച്ചാ സ്ഥിതിവിലയിരുത്തൽ സംഘത്തെ പാലക്കാട്, മലപ്പുറം, വയനാട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലെ വരൾച്ചാ ബാധിതമായ വിവിധ പ്രദേശങ്ങളിലെ കൃഷിനാശവും, കുടിവെള്ള ക്ഷാമവും, കന്നുകാലികർഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും നേരിൽ കാണിച്ച് ബോധ്യപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സംഘത്തിന് സമർപ്പിച്ച വരൾച്ചാ മെമ്മോറാണ്ടം മുഖേന സംസ്ഥാനത്തിന് 992.5 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി അറിയിച്ചിട്ടുണ്ട്. |
| സി) | എത്രകോടി രൂപയുടെ നഷ്ടം സംസ്ഥാനത്തുണ്ടായി എന്നാണ് കേന്ദ്രസംഘത്തെ ബോദ്ധ്യപ്പെടുത്തിയത്? | | |

സെക്ഷൻ ഓഫീസർ